**D 11376** (Pages : 2) Name..................................

Reg. No..................................

## FIFTH SEMESTER B.A. DEGREE EXAMINATION, NOVEMBER 2016

(CUCBCSS–UG)

Malayalam

### MAL 5B 09—മലയാള സാഹിത്യ വിമർശനം

Time : Three Hours Maximum : 80 Marks

1. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 ഫ്യൂച്ചറിസത്തിൻെറ മുഖ്യ തത്ത്വചിന്തകൻ ആര് ?

2 'സംഗീതം ഒരു സമയകല' ഏതു സാഹിത്യരൂപത്തിൽപ്പെട്ട രചനയാണ് ?

3 തിരുവനന്തപുരം നഗരത്തിലെ അങ്ങാടികളെക്കുറിച്ചു വർണനകളുള്ള പ്രാചീന മണിപ്രവാള കാവ്യമേത് ?

4 കുമാരനാശാൻെറ നളിനീകാവ്യത്തിന് അവതാരിക എഴുതിയതാര് ?

5 'സമീക്ഷ' എന്ന ആനുകാലികത്തിൻെറ പത്രാധിപരായിരുന്ന കവി ?

6 'കാച്ചിക്കുറുക്കിയ കവിത'യെന്ന് വൈലോപ്പിള്ളിക്കവിതയെ വിശേഷിപ്പിച്ചതാര് ?

7 റോമിൽ ആദ്യമായി ഗ്രന്ഥശോധകനെ-സെൻസറെ-നിയമിച്ചതാര് ?

8 'ഉന്നതനായ മതദ്രോഹവിചാരകൻെറ കഥ' പരാമർശിക്കപ്പെടുന്ന വിഖ്യാത നോവൽ ഏത് ?

9 പ്രാചീന കവിത്രയത്തെക്കുറിച്ച് മികച്ച നിരൂപണങ്ങളെഴുതിയ ആദ്യവിമർശകൻ ആരാണ് ?

10 'നോവൽസാഹിത്യം' എന്ന കൃതി എഴുതിയതാര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 "തന്നിമിത്തം ഹാസ്യത്തിൻെറ മർമ്മം അധഃപതനമല്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു" —വിവക്ഷിതമെന്ത് ?

12 ജാതിയില്ലാത്ത സമൂഹത്തിൻെറ രൂപീകരണത്തിനായി എം. ഗോവിന്ദൻ നൽകുന്ന രണ്ടു നിർദ്ദേശങ്ങളേവ ?

13 പൊട്ടുമോ എന്ന് ഉറപ്പില്ലാതെ എം.ടി. പൊട്ടിച്ച ഒറ്റപ്പടക്കം എന്തായിരുന്നു ?

Turn over

14 "പ്രസ്തുത ബിരുദത്തിലാണ് നമ്മുടെ വിമർശന സാഹിത്യത്തിൻെറ ബാലിശത്വം കാണേണ്ടത് " —സൂചിതം വ്യക്തമാക്കുക.

15 രാമൻെറ ഗുണഗണങ്ങളിൽ ഏറ്റവും മികച്ചു നിൽക്കുന്നതെന്ത് ?

(5 × 2 = 10 marks)

III. അഞ്ചു ചോദ്യത്തിന് ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക :

16 "ജീവിതം പകരം കൊടുക്കാതെ പരമമായ സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയുകയില്ലെന്നാണ് ഈ കഥ വെളിവാക്കുന്നത് "—ഏതു കഥ ?

17 രാമായണം സീതയുടെ അയനം ആയിത്തീരുന്നതെങ്ങനെ ?

18 ഹാസ്യത്തിൻെറ ഉല്പത്തിയെക്കുറിച്ചു ബെർഗ്സൻ ഉന്നയിക്കുന്ന വാദഗതിയെന്ത് ?

19 "വിപ്ലവകാരികൾക്കും ഈ സ്വഭാവവിശേഷമുണ്ടെങ്കിൽ അതിൽ അദ്ഭുതപ്പെടാനില്ല" —വിശദീകരിക്കുക.

20 ഓർമ്മ വൈലോപ്പിള്ളിക്കവിതയിൽ ജീവിതാനന്ദത്തിൻെറ അടിസ്ഥാനമാകുന്നതെങ്ങനെയെന്നു വിവരിക്കുക.

21 എഴുത്തുകാരൻെറ രചനയുടെ പിന്നിൽ ഇത്തരമൊരന്വേഷണമുണ്ട്—ആശയം വ്യക്തമാക്കുക.

22 മലയാളത്തിലെ ആദ്യകാല നിരൂപണത്തെക്കുറിച്ച് ഒരു ലഘു വിവരണമെഴുതുക.

(5 × 5 = 25 marks)

IV. നാലു ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

23 മലയാള വിമർശന സാഹിത്യത്തിലെ ആധുനിക ഘട്ടം വികസിച്ചു തുടങ്ങിയത് മുണ്ടശ്ശേരി, കുട്ടികൃഷ്ണമാരാർ, എം.പി. പോൾ എന്നീ വിമർശകരിലൂടെയാണ്—ചർച്ച ചെയ്യുക.

24 ഫ്യൂച്ചറിസത്തിൻെറ സവിശേഷതകളെയും കേരളീയ കലകളിൽ അതിൻെറ പ്രയോഗ സാധ്യതകളെയും കേസരി നിരീക്ഷിക്കുന്നതെങ്ങനെ ?

25 'കവിതയുടെ അങ്ങാടികൾ' എന്ന ലേഖനം പ്രാചീന മണിപ്രവാള കാവ്യങ്ങളുടെ സാംസ്കാരികമായ പുനർവായനയാണ്—സമർത്ഥിക്കുക.

26 ആവിഷ്കാര സ്വാതന്ത്ര്യത്തെയും സദാചാര സങ്കല്പത്തെയും കുറിച്ചുള്ള നവീനമായ ഉൾക്കാഴ്ചകളുള്ള നിരൂപകനാണ് എം. തോമസ് മാത്യു—പാഠ്യഭാഗത്തിൻെറ വെളിച്ചത്തിൽ വിലയിരുത്തുക.

27 അക്കാദമിക് പാണ്ഡിത്യത്തിനെതിരായ കലാപമാണ് കെ.പി. അപ്പൻെറ വിമർശന കലയുടെ കാതൽ —നിരൂപിക്കുക.

28 ഭാവനയുടെ വിചിത്രമായ സഞ്ചാരപഥങ്ങളാണ് മേതിൽക്കഥകളുടെ സവിശേഷത—കല്പറ്റ നാരായണൻെറ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കുക.

(4 × 10 = 40 marks)